**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ദേശീയ സമ്പാദ്യ പദ്ധതി - എം.പി.കെ.ബി.വൈ/എസ്.എ.എസ് ഏജന്റുമാർക്കുള്ള ഇൻഷ്വറൻസ് കവറേജ് - പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (ഭരണം.സി ) വകുപ്പ്**

സ.ഉ. (സാധാ) നം.6972/2015/ധന                തീയതി, തിരുവനന്തപുരം, 29/07/2015.

---

പരാമർശം :- 1. 19.09.2000 തീയ്യതിയിലെ സ.ഉ.(സാധാ) നം.5308/2000/ധന നമ്പർ സർക്കാർ ഉത്തരവ്.

2. 23.07.2014 തീയ്യതിയിലെ സ.ഉ.(സാധാ) നം. 5671/2014/ധന നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

ദേശീയ സമ്പാദ്യ പദ്ധതി എം.പി.കെ.ബി.വൈ/എസ്.എ.എസ് ഏജന്റുമാർക്കു സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 01.09.2000 മുതൽ ഇൻഷ്വറൻസ് പരിരക്ഷ പുതുക്കി നൽകി വരുന്നുണ്ട്. ഇൻഷ്വറൻസ് ആനുകൂല്യം തുടർന്ന് ലഭിക്കുന്നതിനു വർഷം തോറും ഈ ഇൻഷ്വറൻസ് പരിരക്ഷ പുതുക്കി ഉത്തരവാകണം. ഏറ്റവും ഒടുവിലായി പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം 01.09.2014 മുതൽ 31.08.2015 വരെ ഇൻഷ്വറൻസ് പരിരക്ഷ ദീർഘിപ്പിച്ചിട്ടുണ്ട്. 01.09.2015 മുതൽ 31.08.2016 വരെ ഒരു വർഷത്തേക്കുകൂടി പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തന്നെ ഇൻഷ്വറൻസ് പരിരക്ഷ ദീർഘിപ്പിച്ചു നൽകുന്നതിനു ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും എം.പി.കെ.ബി.വൈ/എസ്.എ.എസ് ഏജന്റുമാർക്കുള്ള ഇൻഷ്വറൻസ് കവറേജ് പദ്ധതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം 01.09.2015 മുതൽ 31.08.2016 വരെ പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേമായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

ഈ പദ്ധതിയിൽ ചേരാത്ത ഏജന്റുമാർക്കു പ്രതിഫലത്തിനു അർഹത ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കൃഷ്ണകുമാരി. എ.വി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

3. അക്കൌണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം

4.ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്

5.എല്ലാ ജില്ലാ കളക്ടർമാർക്കും (ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ വഴി)

6.എല്ലാ ഡെപ്യൂട്ടി/അസിസ്റ്റന്റ് ഡയറക്ടർമാർക്കും (ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ വഴി)

7.എല്ലാ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാർക്കും (ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ വഴി)

8.ദേശീയ സമ്പാദ്യ പദ്ധതി-എ 1/AWS/ആഡിറ്റ് വിഭാഗങ്ങൾക്ക് (ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ വഴി)

9.നോഡൽ ഓഫീസർ, www.finance.kerala.gov.in

10.കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ